**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 296** **01-02-2023 - ൽ മറുപടിയ്ക്ക്**

**കേരളത്തിന് ലഭിക്കേണ്ടതായ റേഷൻ അരിയുടെ വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിന് ലഭിക്കേണ്ടതായ റേഷൻ അരിയുടെ വിഹിതം കേന്ദ്രം വെട്ടിക്കുറച്ചത് റേഷൻ അരിയുടെ വിതരണത്തെ ബാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം ലഭ്യമായികൊണ്ടിരിക്കുന്ന ധാന്യത്തിന്റെ (പ്രതിവർഷം 14.25 ലക്ഷം മെ.ടൺ) അളവ് പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിനു മുൻപ് അധിക വിഹിതമുൾപ്പടെ ലഭിച്ചുവന്ന ധാന്യത്തിന്റെ അളവിനേക്കാൾ ഏകദേശം 2 ലക്ഷം മെ.ടൺ കുറവാണ്. മുൻകാലത്ത് എ.പി.എൽ വിഭാഗത്തിന് നിശ്ചിത അളവിൽ ഭക്ഷ്യധാന്യം ലഭ്യമായിരുന്നു. എന്നാൽ ഇപ്പോൾ ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ധാന്യമുപയോഗിച്ച് മുൻഗണനേതര വിഭാഗത്തിന് നാമമാത്രമായ വിഹിതമേ നൽകാൻ കഴിയുന്നുള്ളൂ. |
| (ബി) | കേരളത്തിന് ലഭിക്കേണ്ട റേഷൻ അരിയുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | കേന്ദ്ര സർക്കാരിനോട് വിവിധ കത്തുകൾ മുഖേനയും നേരിട്ടും പല തവണ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത ആവശ്യം ഇതുവരെയും പരിഗണിച്ചിട്ടില്ല. |
| (സി) | സമ്പുഷ്ടീകരിച്ച അരി മാത്രമേ റേഷൻ കടകളിലൂടെ വിതരണം ചെയ്യാവൂ എന്നത് കൊണ്ട് കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ചമ്പാവ് പോലുള്ള അരി വിതരണം ചെയ്യാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | 2024 മുതൽ റേഷൻകടകൾ മുഖേന സമ്പുഷ്ടീകരിച്ച അരി മാത്രം വിതരണം ചെയ്യണമെന്ന നിർദ്ദേശം നടപ്പിലാക്കുവാൻ സാവകാശമാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. നിലവിൽ നെല്ല് സംഭരണം മുഖേന ലഭ്യമാക്കുന്ന ചമ്പാവ് അരി വിതരണം നടത്തുന്നുണ്ട്. |
| (ഡി) | കേരളത്തിൽ ഉല്പാദിപ്പിക്കുന്ന അരി കൂടി റേഷൻ കടകളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താമോ; വിശദാംശം നൽകുമോ? | (ഡി) | കേരളത്തിൽ ഉത്പ്പാദിപ്പിക്കുന്ന അരി നിലവിൽ റേഷൻ കടകൾ വഴി വിതരണം നടത്തുന്നുണ്ട്. സംസ്ഥാനത്ത് റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന സി.എം.ആർ (Custom Milled Rice) പോഷക സമ്പുഷ്ടമാണ്. റേഷൻ കടകൾ മുഖാന്തിരം വിതരണം ചെയ്യുന്നതിനായി കുത്തരി, നെല്ല് സംഭരണ പദ്ധതി പ്രകാരം കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് പ്രോസസ്സ് ചെയ്ത് ഗോഡൗണുകളിൽ വിതരണത്തിനായി സംഭരിച്ച് |

| | | | |
|---|---|---|---|
| | | | കഴിഞ്ഞിട്ടുള്ളതിനാൽ പ്രസ്തുത അരി വിതരണം നടത്തിയില്ലെങ്കിൽ നശിച്ചു പോകാൻ ഇടയുണ്ട്. ആയതു വലിയ സാമ്പത്തിക നഷ്ടം ഉളവാക്കും.മേൽ കാരണങ്ങളാലും സംപുഷ്ടീകരിക്കുന്നതിനു കൂടുതൽ സമയം ആവശ്യമുള്ളതിനാലും കേരളത്തിൽ ഇത്തരത്തിൽ അരി സംപുഷ്ടീകരിക്കുന്നതിന് ഒരു ബ്ലൻഡിങ് യൂണിറ്റ് മാത്രമേയുള്ളൂ എന്നതിനാലും സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സി.എം.ആർ സംപുഷ്ടീകരിക്കുന്നതിൽ നിന്നും കേരളത്തെ 2023 മാർച്ച് മാസം വരെ എങ്കിലും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ